## പതിനാലാം കേരള നിയമസഭ

### പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 6530** **21.11.2019 -ൽ മറുപടിയ്ക്ക്**

## ഇ-ഗവേർണൻസ് പാഠ്യ പദ്ധതിയിൽ ഉൾപ്പെടുത്തുന്നത്

ചോദ്യം

**മറുപടി**

പ്രൊഫ: സി.രവീന്ദ്രനാഥ്
(പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി)

**ശ്രീ.പി.ടി.എ. റഹീം**

എ) സംസ്ഥാനത്ത് ഇ-ഗവേർണൻസ് പദ്ധതി നടപ്പിലാക്കിയതുവഴി സർക്കാർ ഓഫീസുകളിൽ നിന്നുള്ള സേവനങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാണെങ്കിലും മതിയായ പ്രാവീണ്യമില്ലാത്തതിനാൽ അക്ഷയ കേന്ദ്രങ്ങളെയും ജനസേവാ കേന്ദ്രങ്ങളെയുമാണ് പൊതുജനങ്ങൾക്ക് ആശ്രയിക്കേണ്ടിവരുന്നത് എന്ന വസ്തുത കണക്കിലെടുത്ത് വിദ്യാഭ്യാസ സ്ഥാപന ങ്ങളിൽ ഇ-ഗവേർണൻസിനെ കുറിച്ച് പഠിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

(എ) പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള ഒട്ടനവധി പ്രവർത്തനങ്ങൾ ഇ-ഗവേർണൻസ് അടിസ്ഥാനമാക്കിയാണ് നിലവിൽ ചെയ്തുവരുന്നത്. പ്രാഥമിക ഇ-ഗവേർണൻസ് പ്രവർത്തനങ്ങൾ നടത്തുന്നതിന് സ്കൂൾ വിദ്യാർത്ഥികളെ സജ്ജമാക്കുന്നതിനോടൊപ്പം ഹൈടെക് സ്കൂൾ പദ്ധതിയുടെ ഭാഗമായി സ്കൂളുകളിൽ ഒരുക്കിയിരിക്കുന്ന ഹൈടെക് സംവിധാനങ്ങൾ കുട്ടികളുടെ പഠന പ്രവർത്തനങ്ങൾക്ക് സഹായിക്കാൻ ഉതകുന്ന രീതിയിൽ പ്രത്യേക പരിശീലനം അമ്മമാർക്ക് കൈറ്റിന്റെ നേതൃത്വത്തിൽ നൽകുന്നുണ്ട്. ഇത്തരം പരിശീലനങ്ങൾ പൊതുജനങ്ങൾക്ക് ഇ-ഗവേർണൻസ് പ്രവർത്തനങ്ങൾ സ്വന്തമായി ചെയ്യുന്നതിന് സഹായകമാകും. പത്താം ക്ലാസ്സിലെ സാമൂഹ്യശാസ്ത്രം ഭാഗം 1 -ലെ പൊതുഭരണം എന്ന അധ്യായത്തിൽ (അദ്ധ്യായം -3 ൽ) ഇ-ഗവേർണൻസ്, അക്ഷയ കേന്ദ്രങ്ങൾ എന്നിവയെ കുറിച്ചുള്ള വിവരങ്ങൾ ഉൾപ്പെടുത്തിയ പാഠഭാഗങ്ങൾ നിലവിലുണ്ട്.

സെക്ഷൻ ഓഫീസർ